"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി - ആലപ്പുഴ ജില്ല - ഹരിപ്പാട് നിയോജക മണ്ഡലം - "ചേപ്പാട് - വന്തികപ്പള്ളി റോഡ്" എന്ന പ്രവൃത്തിക്ക് Tender Excess അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(സാധാ) നം.2553/2023/LSGD തീയതി,തിരുവനന്തപുരം, 22-12-2023

---

പരാമർശം:-

1. 08.04.2022 തീയതിയിലെ സ.ഉ.(സാധാ) നം.909/2022/ത.സ്വ.ഭ.വ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.08.2023, 01.10.2023, 28.11.2023 തീയതികളിലെ No.LSGD/PD/51759/2023-DB2 കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.09.2023 തീയതിയിലെ No.LSGD/PD/51622/2023-DB4 കത്ത്.
4. 13.10.2023 തീയതിയിലെ സ.ഉ.(കൈ)നം.182/ 2023/ത.സ്വ.ഭ.വ.

**ഉത്തരവ്**

പരാമർശം (1) ആലപ്പുഴ ജില്ല, ഹരിപ്പാട് നിയോജക മണ്ഡലം, മുതുകുളം ബ്ലോക്ക് പഞ്ചായത്തിലെ "ചേപ്പാട് - വന്തികപ്പള്ളി റോഡ്" എന്ന പ്രവൃത്തിക്ക് 120.60/- ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

ടി പ്രവർത്തിക്കായി എറ്റവും കുറഞ്ഞ നിരക്ക് (9.94% above) ക്വാട്ട് ചെയ്ത കരാറുകാരന്റെ Quoted PAC 1,12,19,894/- രൂപയും, ആയതിന്റെ 18% GST -യും ചേർന്ന് ആകെ 1,32,39,475/- രൂപയാണെന്നും ആയത് പ്രവൃത്തിക്കായി അനുവദിച്ച തുകയേക്കാൾ 11,79,475/- രൂപ കൂടുതലാണെന്നും ടി തുക കൂടി മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഫണ്ടിൽ നിന്ന് ടി പ്രവൃത്തിക്ക് അനുവദിക്കുന്നതിന് സർക്കാർ തീരുമാനത്തിനായി ചീഫ് എഞ്ചിനീയർ പരാമർശം (2)പ്രകാരം 23.08.2023 ലെ കത്ത് സമർപ്പിച്ചു.

മൂന്ന് ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നു പോകുന്നതിനാൽ സി.എം.എൽ.ആർ.ആർ.പിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുമ്പോൾ, ഏത് പഞ്ചായത്ത് ഏറ്റെടുത്ത് നിർവ്വഹണം നടത്തും എന്നതിൽ തർക്കം ഉണ്ടാവുകയും, ബ്ലോക്ക് പഞ്ചായത്ത് സബ് ഡിവിഷൻ പ്രവർത്തിയുടെ നിർവ്വഹണം ഏറ്റെടുക്കാൻ തയ്യാറല്ല എന്ന് നിലപാടെടുക്കുകയും ചെയ്തതിനെ തുടർന്ന് ഏറെക്കാലം പ്രവൃത്തി നിർവഹണത്തിൽ കാലതാമസം ഉണ്ടായതായും നിലവിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രവൃത്തി നിർവ്വഹണം ഏറ്റെടുക്കുന്ന സാഹചര്യമുണ്ടെന്നും ആയതിനാൽ പ്രവൃത്തിയുടെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (3) പ്രകാരം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

പരാമർശം (4) പ്രകാരം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ

ഉൾപ്പെട്ട പ്രവൃത്തികൾക്ക് ഇനിയും കാലാവധി ദീർഘിപ്പിച്ച് നൽകുന്നതല്ല എന്ന നിബന്ധനയോടെ 31.03.2024 വരെയാണ് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ ആലപ്പുഴ ജില്ല, ഹരിപ്പാട് നിയോജക മണ്ഡലം, മുതുകുളം ബ്ലോക്ക് പഞ്ചായത്തിലെ "ചേപ്പാട് - വന്തികപ്പള്ളി റോഡ്" എന്ന പ്രവൃത്തിക്ക് 31.03.2024 നകം പൂർത്തീകരിക്കണമെന്ന നിബന്ധനയോടെ 11,79,474/- രൂപ Tender Excess കൂടി അധികമായി അനുവദിച്ച് 1,32,39,475/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja M
Date: 23-12-2023 12:20:35
സെക്ഷൻ ഓഫീസർ.